സർവേയിൽ ഒതുങ്ങി അരുവിക്കര പാലം

■ അരുവിക്കര ഡാം പാലം ജീർണാവസ്ഥയിൽ ■ സമാന്തരമായി പുതിയ പാലം വേണമെന്ന ആവശ്യം ശക്തം

എസ്.ടി.ബിജു

നെടുമങ്ങാട്: ബ്രിട്ടീഷുകാരുടെ കലത്തു നിർമ്മിച്ച അരുവിക്കര ഡാം പാലത്തിന്റെ കൈവരികൾ തകർന്ന് ജീർണാവസ്ഥയിലായിട്ടും നടപടികൾ സർവേയിൽ മാത്രമായി ഒതുങ്ങുന്നതായി ആക്ഷേപം.

നാല്പത്തിമൂന്നു വർഷങ്ങൾക്ക് മുമ്പ് ബ്രിട്ടീഷുകാരുടെ സാങ്കേതിക സഹായത്തോടെ ജല അതോറിട്ടിയാണ് പാലം നിർമ്മിച്ചത്. അരുവിക്കര ഡാമിന് മുകളിലൂടെയുള്ള പാലമായതിനാൽ ഇതുവഴി യാത്ര ചെയ്യുന്നവർക്ക് ഡാമിന്റെ ഭംഗിയും ആസ്വദിക്കാനാവും.

മാത്രമല്ല ഡാം സന്ദർശിക്കുന്നതിലേക്കായി നിരവധി യാത്രക്കാരാണ് ഇവിടെ എത്താറ്. അവരും ഈ പാലത്തെ ആശ്രയിച്ചാണ് കടന്നുപോകാറ്. പഴയകാലത്ത് നിർമ്മിച്ച പാലമായതിനാൽ വീതി വളരെ കുറവാണ്.

ഇക്കാരണത്താൽ ഒരേസമയം ഇരുവശങ്ങളിലേക്കും കടന്നുപോവുക പ്രയാസമാണ്. കർക്കടക വാവുബലി സീസണാകുന്നതോടെ പാലം കടക്കുന്നതിനായി വാഹനങ്ങളുടെ നീണ്ടനിര തന്നെ കാണാം. വെള്ളനാട്, അരുവിക്കര നിവാസികൾക്ക് തലസ്ഥാനത്ത് എത്താനുള്ള എളുപ്പമാർഗം കൂടിയാണ് ഈ പാലം. സിറ്റി സർവീസുകൾ ഉൾപ്പെടെ കെ.എസ്.ആർ.ടി.സിയും സ്വകാര്യ വാഹനങ്ങളും യഥേഷ്ടം സർവീസ് നടത്തുന്നുണ്ട്. ബ്രിട്ടീഷ് നിർമ്മിത പാലത്തിന്റെ കൈവരിയും അടിപ്പട്ടകളും തകർന്നിട്ട് നാളേറെയായി. കുണ്ടും കുഴിയും നിറഞ്ഞ് വെള്ളക്കെട്ട് പതിവായതോടെ ഇതുവഴിയുള്ള യാത്ര ദുസഹമായി.

ഡാമിനു സമാന്തരമായി നിർമ്മിച്ചിട്ടുള്ള പാലത്തിന്റെ തൂണുകളിൽ ബന്ധിപ്പിച്ചാണ് പൈപ്പ് ലൈനുകൾ കടന്നുപോകുന്നത്. ഇതും പാലത്തിന്റെ ബലത്തെ ബാധിക്കും. പാലത്തിന്റെ ഉടമസ്ഥാവകാശത്തെ ചൊല്ലി ജല അതോറിട്ടിയും പൊതുമരാമത്ത് വിഭാഗവും തമ്മിൽ ഏറെക്കാലമായി വടംവലി നടക്കുകയാണ്. ഇക്കാരണത്താലാണ് പാലം പണി അനന്തമായി നീളുന്നത്. റോഡ് നിർമ്മിച്ചത് തങ്ങളാണെന്നും നവീകരണം നടത്താൻ തങ്ങൾക്കറിയാം എന്നുമാണ് ജലഅതോറിട്ടിയുടെ നിലപാട്.

നിർമ്മിച്ചത് ആരായാലും യാത്രക്കാരന്റെ ജീവനും സ്വത്തിനും സുരക്ഷ ഒരുക്കേണ്ട ചുമതല മരാമത്ത് വകുപ്പിനാണെന്ന് മറ്റു ചിലർ പറയുന്നു.

പാലം അറ്റകുറ്റപ്പണിക്ക് പലതവണ സർക്കാർ ഫണ്ട് അനുവദിച്ചെങ്കിലും തമ്മിലടിയിൽ തുക പാഴായെന്നാണ് അറിവ്. ഡാമിനു കുറുകെ പുതിയ പാലം നിർമ്മിക്കണമെന്ന് സ്ഥലം എം.എൽ.എ കെ.എസ്. ശബരീനാഥൻ നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ചതിനെ തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി തുക അനുവദിച്ചു.

എന്നാൽ ഒരുവർഷം പിന്നിട്ടപ്പോഴും സർവേ നടപടികൾ പൂർത്തിയായിട്ടില്ല. അധികൃതരുടെ അലംഭാവം വെടിഞ്ഞ് നാട്ടുകാരുടെ ചിരകാല സ്വപ്നമായ പാലം പണി എത്രയുംവേഗം പൂർത്തീകരിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

പാലം നിർമ്മിച്ചത്	നീളം	എസ്റ്റിമേറ്റിനായി അനുവദിച്ചത്
1975 ൽ	60 മീറ്റർ	6.40 ലക്ഷം

1. വിനോദ സഞ്ചാരികൾ ഉൾപ്പെടെ നിരവധി യാത്രക്കാരാണ് ഇതുവഴി യാത്രചെയ്യാറ്
2. കർക്കടക വാവുബലി സീസണിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം ആളുകൾ എത്താറുണ്ട്
3. അധികൃതരുടെ ഉദാസീനതയാണ് പുതിയ പാലത്തിന്റെ നിർമ്മാണത്തിന് തടസമായത്
4. വീതി കുറഞ്ഞ പാലത്തിന്റെ കൈവരികൾ തകർന്നു. റോഡുകൾ കുണ്ടും കുഴിയുമായി
5. ഫണ്ടുകൾ പലതും അനുവദിച്ചെങ്കിലും അവയെല്ലാം പാഴായതായാണ് അറിവ്

"അടുത്ത ബഡ്ജറ്റിൽ അരുവിക്കര പുതിയ പാലം നിർമ്മാണത്തിന് തുക വകയിരുത്തണം. സർവേ നടപടികളും മണ്ണ് പരിശോധനയും പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ ഡിസൈനും വിശദമായ എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം ഉദ്യോഗസ്ഥരാണ് തയ്യാറാക്കുന്നത്"
---കെ.എസ്. ശബരീനാഥൻ എം.എൽ.എ

ജില്ലാ ഗണിതശാസ്ത്രമേളയിൽ എച്ച്. എസ് വിഭാഗം നമ്പർ ചാർട്ട് മത്സരത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടിയ ഗവ. കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ 10-ാം ക്ലാസ് വിദ്യാർത്ഥിനി ഫർസാന പർവീൻ. ആർ. ഡോ. എ.സമ്പത്ത് എം.പിയുടെ പി.എ എ.എം. ജാഹിർ ഹുസൈന്റെയും സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥ റസിയ കരീമിന്റെയും മകളാണ്.

തിരുവനന്തപുരത്ത് നടന്ന പത്താമത് വി.വി കപ്പ് ദേശീയ ഓപ്പൺ കരാട്ടെ ചാമ്പ്യൻഷിപ്പിൽ 75 കിലോ കട്ടാസ്, കുമിത്തേ വിഭാഗങ്ങളിൽ സ്വർണ മെഡൽ നേടിയ പോത്തൻകോട് കരാട്ടെ ക്ലബ് അംഗമായ അരവിന്ദ് പി. വിജയൻ

കേരള യൂണിവേഴ്സിറ്റി എം. എസ്സി ബയോ ഇൻഫർമാറ്റിക്സ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ മണക്കാട് നാഷണൽ കോളേജിലെ ഷീല സുധാകർ. ആറ്റുകാൽ തോപ്പുവിളാകത്ത് വീട്ടിൽ എൻ. സുധാകരന്റെയും ഡോ. ചന്ദ്രമതിയുടെയും മകളാണ്

കർഷക കോൺഗ്രസ് സ്വാഗതസംഘ രൂപീകരണ യോഗം ഇന്ന്

തിരുവനന്തപുരം: കർഷക കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡിസംബറിൽ തിരുവനന്തപുരത്ത് നടക്കുന്ന മണ്ഡലം പ്രസിഡന്റുമാരുടെ നേതൃസംഗമത്തിന്റെ സ്വാഗതസംഘ രൂപീകരണ യോഗം ഇന്ന് വൈകിട്ട് 3ന് ഡി.സി.സി ഓഫീസിൽ നടക്കുമെന്ന് ജില്ലാ പ്രസിഡന്റ് മാരായമുട്ടം എം.എസ്. അനിൽ അറിയിച്ചു.

കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ സുരേഷ് എം.പി ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ലാൽ വർഗീസ് കൽപകവാടി മുഖ്യപ്രഭാഷണം നടത്തും.

ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, വി.എസ്. ശിവകുമാർ എം.എൽ.എ, കെ. എസ്. ശബരീനാഥൻ എം.എൽ.എ, അഡ്വ. എം. വിൻസെന്റ് എം.എൽ.എ, തമ്പാനൂർ രവി, ടി. ശരത്ചന്ദ്ര പ്രസാദ്, സഹകരണ ജനാധിപത്യ വേദി ചെയർമാൻ കരകുളം കൃഷ്ണപിള്ള തുടങ്ങിയവർ പങ്കെടുക്കും.

സ്വാഗതസംഘം രൂപീകരണ യോഗത്തിൽ ജില്ലയിൽ നിന്നുള്ള സംസ്ഥാന ഭാരവാഹികൾ, ജില്ലാഭാരവാഹികൾ, നിയോജക മണ്ഡലം ഭാരവാഹികൾ, മണ്ഡലം പ്രസിഡന്റുമാർ തുടങ്ങിയവർ പങ്കെടുക്കണമെന്ന് ജില്ലാ പ്രസിഡന്റ് മാരായമുട്ടം എം.എസ്. അനിൽ അറിയിച്ചു.

സൗജന്യ ആയുർവേദ രോഗ നിർണയ ചികിത്സാ ക്യാമ്പ്

തിരുവനന്തപുരം: പങ്കജകസ്തൂരി ആയുർവേദ മെഡിക്കൽ കോളേജിൽ ശിശുരോഗ വിഭാഗം സംഘടിപ്പിക്കുന്ന കുട്ടികളിലെ ത്വക്ക് സംബന്ധമായ രോഗങ്ങൾക്കുള്ള സൗജന്യ രോഗ നിർണയ ചികിത്സാ ക്യാമ്പ് 24ന് രാവിലെ 8.30 മുതൽ 4.30 വരെ നടക്കും. ഫോൺ: 0471 - 2295918, 2295919.

ലോക ഫിഷറീസ് ദിനാചരണം

തിരുവനന്തപുരം : ലോക ഫിഷറീസ് ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിലെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും വിപുലമായ പരിപാടി സംഘടിപ്പിക്കുന്നു.

കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കൊല്ലം തങ്കശേരി പോർട്ട് ഓഫീസിലേക്ക് മത്സ്യത്തൊഴിലാളികൾ മാർച്ച് നടത്തും. തിരുവല്ലയിൽ സെമിനാർ സംഘടിപ്പിക്കും. തീരദേശ കപൽപ്പാത ഉപേക്ഷിക്കുക, കടലും ജലാശയവും മത്സ്യസമ്പത്തും സംരക്ഷിക്കുക, തീരത്തിന്റെയും തീരക്കടലിന്റെയും മേലുള്ള മത്സ്യത്തൊഴിലാളികളുടെ അവകാശം നിലനിറുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിക്കാട്ടിയാണ് ലോക ഫിഷറീസ് ദിനം ആചരിക്കുന്നത്.

ജനൽച്ചില്ല് തകർത്ത വെടിയുണ്ട സൈന്യത്തിന്റേതെന്ന് സ്ഥിരീകരണം

മലയിൻകീഴ്: വിളവൂർക്കൽ പൊറ്റയിൽ വീടിന്റെ ജനൽച്ചില്ല് തകർത്തത് സൈന്യത്തിന്റെ വെടിയുണ്ടയാണെന്ന് ബാലിസ്റ്റിക് വിദഗ്ദർ സ്ഥിരീകരിച്ചു. ഇന്നലെ ബാലിസ്റ്റിക് വിദഗ്ദരും ഫോറൻസിക് സയന്റിഫിക് ലബോറട്ടറി വിദഗ്ദരും പരിശോധന നടത്തിയ ശേഷമാണ് വെടിയുണ്ട ഫയറിംഗ് സ്റ്റേഷനിൽ നിന്നുള്ളതാണെന്ന് സ്ഥിരീകരിച്ചത്. കാവടിവിളയിൽ അജിത്തിന്റെ വീട്ടിൽ കഴിഞ്ഞ ദിവസമാണ് വെടിയുണ്ട ജനൽച്ചില്ല് തകർത്തതായി കണ്ടെത്തിയത്.

ആശുപത്രിയിലായിരുന്ന വീട്ടുകാർ മടങ്ങിയെത്തിയ ഷോഴാണ് രണ്ടാംനിലയിലെ മുറിയുടെ ജനൽച്ചില്ല് തകർന്നതായി കണ്ടെത്തിയത്. പരിശോധനയിൽ മുറിയിൽ വെടിയുണ്ടയും കണ്ടെത്തി. തുടർന്ന് മലയിൻകീഴ് പൊലീസിൽ വിവരമറിയിച്ചു. മുക്കന്നിമലയിൽ സൈന്യത്തിന്റെ ഫയറിംഗ് ഗ്രൗണ്ടിൽ നിന്ന് വീട് സ്ഥിതി ചെയ്യുന്ന ഭാഗത്തേക്ക് 5.5 കിലോമീറ്റർ ദൂരമുണ്ടെന്നും അതിനാൽ ജനൽച്ചില്ല് തകർക്കാൻ ഫയറിംഗ് സ്റ്റേഷനിൽ നിന്നുള്ള വെടിയുണ്ടയ്ക്ക് സാധിക്കില്ലെന്നും മൂന്ന് കിലോമീറ്റർ മാത്രമാണ് ഇവിടുന്നുള്ള വെടിയുണ്ടകളുടെ മുവിംഗ് കപ്പാസിറ്റിയെന്നുമാണ് സൈനിക ഉദ്യോഗസ്ഥർ ആദ്യം പറഞ്ഞിരുന്നത്. എന്നാൽ ബാലിസ്റ്റിക് വിദഗ്ദരുടെ പരിശോധനയിൽ വെടിയുണ്ട തറച്ച വീട്ടും ഫയറിംഗ് സ്റ്റേഷനുമായി ആകാശമാർഗം രണ്ടര കിലോമീറ്റർ മാത്രമാണെന്ന് കണ്ടെത്തി. തുടർന്ന് സൈനിക ഉദ്യോഗസ്ഥരെത്തി വെടിയുണ്ട പരിശോധിച്ച് സൈന്യത്തിന്റേതെന്ന് ഉറപ്പാക്കുകയായിരുന്നു.

പൊലീസും ബാലിസ്റ്റിക് വിദഗ്ദരും വീട്ടിൽ പരിശോധന നടത്തുന്നു

എസ്.എൽ.ആർ വിഭാഗം തോക്കിൽ നിന്നുള്ള വെടിയുണ്ട

സെക്യൂരിറ്റിക്ക് മർദ്ദനം: നാല് പേർ അറസ്റ്റിൽ

കഴക്കൂട്ടം: ടെക്നോപാർക്കിന് എതിർവശത്തെ ഹോട്ടലിലെ ബംഗാൾ സ്വദേശിയായ സെക്യൂരിറ്റി നബകുമാർ റാംഗി(25) നെ ബൈക്കിന്റെ ഷോക്ക് അബ്സോർബർ കൊണ്ട് അടിച്ച് പരിക്കേല്പിച്ച കേസിൽ നാലുപേരെ പൊലീസ് അറസ്റ്റുചെയ്തു.

ആറ്റിപ്ര കിഴക്കുംകര പനച്ചമൂട് ക്ഷേത്രത്തിനടുത്ത് തിരുവോണം വീട്ടിൽ സച്ചു(20), പുല്ലുകാട് സെറ്റിൽമെന്റ് കോളനിയിൽ അജിഭവനിൽ അമ്പിളി(23), കിഴക്കുംകര വലത്തേച്ചിറ വീട്ടിൽ അനന്തു (26), മൺവിള ഗാന്ധി നഗറിൽ ശിവരാജ് ഭവനിൽ അരുൺ(25) എന്നിവരെയാണ് കഴക്കൂട്ടം എസ്.എച്ച്.ഒ എസ്.വൈ. സുരേഷിന്റെ നേതൃത്വത്തിലുള്ള പൊലീസ് അറസ്റ്റ് ചെയ്തത്.

ഹോട്ടലിൽ കയറി മദ്യപിച്ച് ശേഷം സമീപത്ത് പരസ്യമായി മൂത്രമൊഴിച്ചതിനെ സെക്യൂരിറ്റി ജീവനക്കാർ പറഞ്ഞു വിലക്കിയതിലുള്ള വിരോധത്താലാണ് സംഘം ചേർന്ന് മർദ്ദിച്ചതെന്ന് പൊലീസ് പറഞ്ഞു.

തുടർന്ന് ഒളിവിൽപ്പോയ ഇവരെ പിടികൂടുകയായിരുന്നു.

എസ്. ഐമാരായ സുധീഷ് കുമാർ, റോയ്, സി.പി.ഒമാരായ ബിജു കുമാർ, എബ്രഹാം പെരേര, ശ്യാംലാൽ സന്തോഷ്, അരുൺ പ്രിൻസ് എന്നിവർ ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

അറസ്റ്റിലായ പ്രതികൾ

അനുസ്മരണം

തിരുവനന്തപുരം: എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറിയും പ്രസിഡന്റുമായിരുന്ന നന്തൻകോട് കരുണാകരന്റെ 5-ാം ചരമവാർഷികം എ.ഐ.ടി.യു.സി ജില്ലാ കൗൺസിലിന്റെ നേതൃത്വത്തിൽ ആചരിച്ചു. സുഗതൻ സ്മാരക ഹാളിൽ ജില്ലാ പ്രസിഡന്റ് സോളമൻ വെട്ടുകാടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം സി.പി.ഐ ജില്ലാ സെക്രട്ടറി ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്തു. എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി മീനാങ്കൽ കുമാർ, എം. ശിവകുമാർ, പി. എസ്. നായിഡു, എം.സി.കെ. നായർ, പാപനംകോട് അജയൻ, പട്ടം ശശിധരൻ, ഹഡ്സൺ ഫെർണാണ്ടസ്, പുഷ്പവല്ലി, കെ. നിർമ്മലകുമാർ എന്നിവർ പങ്കെടുത്തു.

ചാത്തന്നൂർ ആനന്ദതീരത്തിലെ ഭിന്നശേഷിക്കാരായ അന്തേവാസികൾക്കൊപ്പം ലയൺസ് ക്ലബ് ഒഫ് ട്രിവാൻഡ്രം ട്രേഴ്സ് സംഘടിപ്പിച്ച നബിദിനാഘോഷത്തിന്റെ ഭാഗമായി വസ്ത്രം വിതരണം ചെയ്യുന്നു. ക്ലബ് പ്രസിഡന്റ് എൻ. ജയകുമാരൻ നായർ, ട്രഷറർ എസ്. രാമചന്ദ്രൻ നായർ, ബോർഡ് അംഗം എൻജിനിയർ കെ. ഗോപാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

ലയൺസ് ഡയാലിസിസ് സെന്റർ സമർപ്പിച്ചു

തിരുവനന്തപുരം: ലയൺസ് ക്ലബ്സ് ഇന്റർനാഷണൽ ഫൗണ്ടേഷന്റെ ധനസഹായത്തോടെ ലയൺസ് ഡിസ്ട്രിക്ട് 318എ 28 ലക്ഷം രൂപ ചെലവിൽ അഞ്ചൽ സെന്റ് ജോസഫ് ആശുപത്രിയിൽ പൂർത്തിയാക്കിയ ലയൺസ് ഡയാലിസിസ് സെന്ററിന്റെ ഔദ്യോഗിക സമർപ്പണം മന്ത്രി കെ. രാജു നിർവഹിച്ചു.

നിർദ്ധനരായ രോഗികൾക്ക് വർഷം തോറും 5000 ഡയാലിസിസ് സൗജന്യമായി ചെയ്തുകൊടുക്കാൻ ഈ സെന്ററിൽ സാധിക്കും. ജനപ്രതിനിധികളും ലയൺസ് ഭാരവാഹികളും ചേർന്ന് രൂപീകരിച്ച കമ്മിറ്റി അർഹരായവരെ തിരഞ്ഞെടുക്കും.

ഡിസ്ട്രിക്ട് ഗവർണർ ജോൺ ജി. കൊട്ടറയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം ബിഷപ്പ് ഡോ. സാമുവേൽ മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്തു. മുൻ ഇന്റർനാഷണൽ ഡയറക്ടർ ആർ. മുരുകൻ മുഖ്യപ്രഭാഷണം നടത്തി. കൗൺസിൽ ചെയർമാൻ കെ. സുരേഷ്, വൈസ് ഗവർണർമാരായ എ.ജി. രാജേന്ദ്രൻ, വി. പരമേശ്വരൻകുട്ടി, മുൻ ഗവർണർമാരായജി. ഹരിഹരൻ, ജി. സുരേന്ദ്രൻ, കാബിനറ്റ് സെക്രട്ടറി രാധാകൃഷ്ണൻ .ആർ എന്നിവർ സംസാരിച്ചു.

അഞ്ചൽ സെന്റ് ജോസഫ് ആശുപത്രിയിൽ നടന്ന ഡയാലിസിസ് സെന്റർ സമർപ്പണ സമ്മേളനം ബിഷപ്പ് ഡോ. സാമുവേൽ മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി കെ. രാജു, ഡിസ്ട്രിക്ട് ഗവർണർ ജോൺ ജി. കൊട്ടറ തുടങ്ങിയവർ സമീപം

കടയുടെ പൂട്ടുപൊളിച്ച് മോഷണം: കള്ളൻ പിടിയിൽ

കോവളം: ഹവ്വാ ബീച്ചിൽ കടയുടെ പൂട്ട് പൊളിച്ച് മോഷണം നടത്തിയ കോവളം നീലകണ്ഠ കോളനി ആലുനിന്ന വിളയിൽ ദിലീപ്ഖാൻ (35) പിടിയിലായി.

തിങ്കളാഴ്ച രാത്രിയോടെ കോവളം എസ്.ഐ അജിത്ത് കുമാറിന്റെ നേതൃത്വത്തിൽ ബീച്ചിൽ പട്രോളിംഗ് നടത്തുന്നതിനിടെയാണ് പ്രതി പിടിയിലായത്. തൊണ്ടി സഹിതമാണ് പിടികൂടിയത്.

സംശയാസ്പദമായ നിലയിൽ കണ്ട പ്രതിയെ പിടികൂടി പരിശോധിച്ചപ്പോൾ ഇയാളുടെ പക്കൽ കാഴ്ചരി തൂണിത്തരങ്ങൾ കണ്ടു. ചോദ്യം ചെയ്യലിൽ സമീപത്തെ കാഴ്ചരി ഷോപ്പിൽ നിന്ന് മോഷ്ടിച്ചതാണെന്ന് സമ്മതിച്ചതായും തൂണിത്തരങ്ങൾക്ക് മൂവായിരം രൂപ വിലവരുമെന്നും പൊലീസ് പറഞ്ഞു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

ഇടിമിന്നലേറ്റ് മദ്രസയിലെ അഞ്ച് കുട്ടികൾക്ക് പരിക്ക്

കിളിമാനൂർ: നഗരൂർ മുണ്ടയിൽ കോണം മദ്രസയിൽ ഇടിമിന്നലേറ്റ് അഞ്ചു വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. തിങ്കളാഴ്ച വൈകിട്ട് 5 ഓടെയായിരുന്നു സംഭവം. ഇടിമിന്നലിൽ സാരമായി പരിക്കേറ്റ നഗരൂർ തേക്കിൻ കാട് ഉമർ മൻസിലിൽ നാസ്നിനെ (13) തിരുവനന്തപുരം മെഡിക്കൽ കോളേജിലും, നഗരൂർ മുണ്ടയിൽകോണം വിളയിൽ വീട്ടിൽ ഷഹ്ബാനത്തിന്റെ മകൾ നൗമിൻ ഷായെ (12) എസ്.എ.ടി ആശുപത്രിയിലും പ്രവേശിപ്പിച്ചു. കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രവേശിപ്പിച്ച മറ്റ് മൂന്നു കുട്ടികളെ പ്രാഥമിക ചികിത്സ നൽകി വിട്ടയച്ചു. മദ്രസയിൽ പഠനം നടക്കവേയാണ്മഴയ്ക്കൊപ്പംശക്തമായഇടിമിന്നലുണ്ടായത്.

യൂണിവേഴ്സിറ്റി അസി.പരീക്ഷാ പരിശീലനം

തിരുവനന്തപുരം: പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചയൂണിവേഴ്സിറ്റിഅസിസ്റ്റന്റ്തസ്തികയിലേക്കുള്ള പരീക്ഷാപരിശീലനം സെന്റർ ഫോർ കരിയർ ഡെവലപ്മെന്റ് സ്റ്റഡീസിൽ 28ന് ആരംഭിക്കും. രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെയാണ് പരിശീലനം. ഫോൺ : 0471 - 2468958,9847057333.

നാളെ സഞ്ചയനം
(22.11.2018, 8.30 a.m)

ആനന്ദഭവൻ, കരിയിൽ, കഴക്കൂട്ടം. Mobile : 9745682814.
മാന്യരേ,
എന്റെ അഭിവന്ദ്യ ഭർത്താവും കരിമണൽ പറമ്പിൽ വീട്ടിൽ പരേതനായ ഗോപാലപണിക്കർ അവർകളുടെ മകനുമായ **ശ്രീ.ജി.സുഗതൻ** [(77), Rtd. Revenue] 15.11.2018 വ്യാഴാഴ്ച പകൽ വാർദ്ധക്യസഹജമായ അസുഖം നിമിത്തം നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.
എന്ന്, ദുഃഖിതയായ,
ഭാര്യ : എം.ബി. ശാന്തകുമാരി (Rtd. KSEB),
മക്കളും മരുമക്കളും ബന്ധുമിത്രാദികളും.

ഏഴാം ചരമവാർഷികം
(21.11.2018)

ജയകുമാരി. ആർ
ജിതിൻ നിവാസ്,
പഴകുറ്റി പി.ഒ., നെടുമങ്ങാട്.
ഭർത്താവ്: എസ്. രാജേന്ദ്രൻ,
മക്കൾ : ജിതിൻ രാജ്. ആർ,
ശ്രുതി രാജ്. ആർ.

നാലാം ചരമവാർഷികം
(21.11.2018)

ഗിരിജ. S
സിബി നിവാസ്,
പുരവൂർ, ചിറയിൻകീഴ്.
പരേതനായവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ഭർത്താവ്: പുരുഷോത്തമൻ (ഉത്തമൻ),
മക്കൾ, മരുമക്കൾ, ചെറുമക്കൾ.